"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തിൽ നിന്നും (നിലവിൽ കോഴിക്കോട് കോർപ്പറേഷൻ ചെറുവണ്ണൂർ നല്ലളം മേഖലാ കാര്യാലയം) സാനിറ്ററി ഇൻസ്പെക്ടർ തസ്തികയിൽ വിരമിച്ച ശ്രീ ഉണ്ണികൃഷ്ണപിള്ള എസ്-ന് ശൂന്യവേതനാവധി അനുവദിച്ച ഉത്തരവ്- ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.730/2025/LSGD    തീയതി,തിരുവനന്തപുരം, 19-03-2025

---

പരാമർശം:-

1. 06.08.2010തീയതിയിലെ സ.ഉ(സാധാ)2603/10/തസ്വഭവ-നമ്പർ ഉത്തരവ്.
2. ശ്രീ ഉണ്ണികൃഷ്ണപിള്ള എസ് സമർപ്പിച്ച 18.11.2023 തീയതിയിലെ അപേക്ഷ.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.02.2024 തിയതിയിലെ LSGD/PD/2607/2024-DEB5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തിൽ നിന്നും സാനിറ്ററി ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ 30.11.2008ൽ വിരമിച്ച ശ്രീ ഉണ്ണികൃഷ്ണപിള്ള എസ്-ന് 24.02.2007 മുതൽ വിരമിക്കൽ തീയതിയായ 30.11.2008 വരെ ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. ശ്രീ ഉണ്ണികൃഷ്ണപിള്ള എസ് താൻ വിരമിക്കുന്ന സമയത്ത് തന്റെ ക്രെഡിറ്റിൽ 87 ഹാഫ് പേ ലീവ് ഉണ്ടായിരുന്നതിനാൽ തന്റെ അവധിക്കാലം 87 ദിവസം അർദ്ധവേതനാവധിയായും, ശേഷിക്കുന്ന കാലയളവ് ചികിൽസാവശ്യത്തിനായുള്ള ശൂന്യവേതനാവധിയായും പുനക്രമീകരിച്ച് പ്രത്യേക ഉത്തരവാകുന്നതിന് പരാമർശം 2 അപേക്ഷ പ്രകാരം അപേക്ഷിച്ചിരുന്നു.

2. ടിയാൻ സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ നടപടികൾക്കായി നൽകിയിരുന്നു. കൂടാതെ ലഭ്യമായ രേഖകൾ പ്രകാരം ശ്രീ ഉണ്ണികൃഷ്ണപിള്ള എസ്-ന്റെ അക്കൗണ്ടിൽ ബാക്കിയുള്ള അർദ്ധവേതനാവധി 67 എണ്ണം ആണെന്ന് നഗരസഭാസെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 14/06/1994 ലെ സർക്കുലർ നം. 36/94/ധന യിൽ നിഷ്കർഷിക്കുന്ന രണ്ടാം വൈദ്യ പരിശോധനയ്ക്കുള്ള അവസരം നഷ്ടമായ സാഹചര്യത്തിലാണ് ശ്രീ ഉണ്ണികൃഷ്ണപിള്ള എസ്-ന് 24.02.2007 മുതൽ 30.11.2008 വരെയുള്ള അവധി കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനഅവധി അനുവദിക്കുവാൻ ഉത്തരവായിട്ടുള്ളത്. എന്നിരുന്നാലും അവധി ആരംഭിക്കുന്ന തീയതിയിൽ

ടിയാന്റെ ക്രെഡിറ്റിൽ അർദ്ധവേതനാവധി ഉണ്ടായിരുന്നത് പരിഗണിച്ച് 30.11.2008 ന് വിരമിച്ച ശ്രീ ഉണ്ണികൃഷ്ണപിള്ള എസ് ന്, 24.02.2007 മുതൽ വിരമിക്കൽ തീയതിയായ 30.11.2008 വരെ അനുവദിച്ചിട്ടുള്ള ശൂന്യവേതനാവധിയിൽ, അവധി ആരംഭിച്ച 24.02.2007 മുതൽ ടിയാന്റെ അക്കൗണ്ടിൽ ബാക്കിയുള്ള അർദ്ധവേതനാവധിയായ 67 ദിവസം അർദ്ധവേതനാവധിയായി ക്രമീകരിക്കുന്നതിന് നിയന്ത്രണാധികാരിക്ക് നിർദ്ദേശം നൽകിക്കൊണ്ടും ബാക്കി 30.11.2018 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധിയായി നിലനിർത്തിക്കൊണ്ടും പരാമർശം 1 ഉത്തരവ് ഭേദഗതി ചെയ്തു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ ഉണ്ണികൃഷ്ണപിള്ള എസ്, റിട്ട. സാനിട്ടറി ഇൻസ്പെക്ടർ, നല്ലളം ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 19-03-2025 16:32:08

സെക്ഷൻ ഓഫീസർ